II ഇ.ബി.XIV-കേരള നിയമസഭ/XI-3

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 6, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

8 (*61) ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കാലിത്തീറ്റയ്ക്ക് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനമൂലം ക്ഷീര മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾവഴി കാലിത്തീറ്റ വിതരണം ചെയ്തുവരുന്നതുകൂടാതെ മിൽമ, കേരള ഫീഡ്സ് എന്നീ

സ്ഥാപനങ്ങൾവഴിയും കാലിത്തീറ്റ കുറഞ്ഞ വിലയിൽ വിതരണം നടത്തുന്നുണ്ട്. ഇതിനുപുറമെ തീറ്റപ്പുൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ നിരവധി പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ക്ഷീരസംഘങ്ങളും മിൽമയും വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വിതരണം നടത്തുന്നതെന്നും പാലിന്റെ വില വർദ്ധിപ്പിച്ചതിലൂടെ കർഷകന് ഒരു ലിറ്റർ പാലിന് നാലുരൂപവരെ സബ്സിഡി ലഭിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മലപ്പുറം ജില്ലയിൽ മിൽമയുടെ ആഭിമുഖ്യത്തിൽ ജില്ലാ ഡയറി സ്ഥാപിക്കുന്നതിന് മൂർക്കനാട് സ്ഥലമേറ്റെടുത്തിട്ടുണ്ടെന്നും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കിടാരി പാർക്കുകൾ ഉൾപ്പെടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ലിഡ ജേക്കബ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ഷീരമേഖലയെ

ശക്തിപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*62) ഉപയോഗശൂന്യമായ ജലസ്രോതസ്സുകളുടെ സംരക്ഷണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, കേരളത്തിലെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജലവിഭവ വകുപ്പ് മുൻഗണന നൽകിവരുന്നുണ്ടെന്നും റിസ്റ്റോറേഷൻ ഓഫ് പൊല്യൂറ്റഡ് റിവർ സ്ട്രെച്ചസ് പദ്ധതിയിലൂടെ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദി, തിരുവനന്തപുരം ജില്ലയിലെ കരമന നദി എന്നിവയുടെ മലിനീകരണം തടയുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചെറുതും വലുതുമായ നദികളെ ഗുണനിലവാരമുള്ള ജലസ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടത്തിവരുന്നുണ്ട്. കരമനയാർ, കിള്ളിയാർ എന്നിവയുടെ സംരക്ഷണത്തിനായി" റൈറ്റ്സ്" എന്ന സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് നടത്തുന്നതാണ്. കൂടാതെ കിള്ളിയാറിന്റെ

സമഗ്ര പുനരുജ്ജീവനത്തിനായി "കിള്ളിയാറൊരുമ" എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും നദീതടങ്ങളുടെ സമഗ്ര സംരക്ഷണത്തിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം സാധ്യമാക്കുന്നതിനുവേണ്ട നടപടി "ജലസമൃദ്ധി/ജലസംരക്ഷണം" മുഖേന നടന്നുവരുന്നുണ്ടെന്നും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന ശിക്ഷയുൾപ്പെടെ 2008-ലെ ജലനയത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണെന്നും സ്ഥാപനങ്ങൾ പുറന്തള്ളുന്ന പാഴ്ജലത്തിലെ ഘടകങ്ങൾ അനുവദനീയ പരിധിയിലാണോയെന്ന് പരിശോധിക്കുന്നതിനായി ഓൺലൈൻ റിയൽ റ്റൈം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ എല്ലാ ഡാമുകളിലും ഡീസിൽട്ടേഷൻ നടത്തി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നുണ്ടെന്നും ചന്തിരൂർ പുത്തൻതോടിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണെന്നും ജലസംരക്ഷണം നീർത്തടാധിഷ്ഠിതമായിരിക്കണമെന്നതിനാൽ നദികളുടെയും തടാകങ്ങളുടെയും വശങ്ങളിൽ മരങ്ങൾ സമൃദ്ധമായി വളരുന്നതിനുള്ള

സാഹചര്യമൊരുക്കണമെന്നും ജലസേചന വകുപ്പിൽ പുനഃസംഘടന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി പൂർണ്ണമായി ഉപയോഗിക്കാൻ കഴിയണമെന്നും ജലസ്രോതസ്സുകളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കയ്യേറ്റങ്ങൾ കർശനമായി തടയുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*63) <u>ലഹരിവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും ലഹരി വർജ്ജനം ലക്ഷ്യമാക്കി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ ഉൾപ്പെടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളും കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരി മരുന്ന്

വ്യാപനം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 'ലഹരിക്കെതിരെ കായിക ലഹരി' എന്ന സന്ദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം തൃപ്തികരമാണ്. പൊതുസ്ഥലങ്ങളിലെ മദ്യപാനം ഒരു തരത്തിലും പ്രോത്സാഹിപ്പിക്കില്ലെന്ന് മാത്രമല്ല പരാതി ലഭിക്കുന്ന സമയത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഈ സർക്കാർ 86 ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 828 മുതൽ 1196 വരെയുള്ള ചോദ്യങ്ങളിൽ 268 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)